## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3758 — 19.03.2018-ൽ മറുപടിക്ക്

### മലമേൽക്കുന്ന് - മുടവൻമുകൾ പാലം

**ചോദ്യം**

ശ്രീ.ഒ. രാജഗോപാൽ

നേമം നിയോജക മണ്ഡലത്തിൽ കരമനയാറിന് കുറുകെ മലമേൽക്കുന്ന് - മുടവൻമുകൾ പാലത്തിന് ഭരണാനുമതി ലഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ

**മറുപടി**

ശ്രീ.ജി.സുധാകരൻ
(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

നേമം മണ്ഡലത്തിലെ മുടവൻമുകൾ പാലം നിർമ്മാണത്തിനായി 2016-17 ലും 2017-18 ലും ബഡ്ജറ്റിൽ 100 രൂപ ടോക്കൺ പ്രൊവിഷൻ വകയിരുത്തിയിരുന്നു. സ്ഥലം എടുപ്പിനായി 350 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് 25/11/2017-ൽ CE/R&B/Tvpm/4486/2013-ാം നമ്പർ കത്ത് പ്രകാരം സർക്കാരിലേയ്ക്ക് ലഭ്യമായിരുന്നു. എന്നാൽ 19/12/2017-ലെ സർക്കാർ കത്ത് നം.PWD/D1/19/2017 പ്രകാരം പാലം നിർമ്മാണത്തിനുള്ള വിശദമായ എസ്റ്റിമേറ്റും സ്ഥലത്തിന്റെ വിലയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു പ്രൊപ്പോസൽ സമർപ്പിക്കാൻ നിർദ്ദേശം നൽകുകയും അതിൻപ്രകാരം പ്രവൃത്തിക്കുള്ള വിശദമായ എസ്റ്റിമേറ്റ് 16/03/2018-ൽ സർക്കാരിൽ ഭരണാനുമതിയ്ക്കായി ലഭ്യമാക്കിയിട്ടുണ്ട്. ഈ പ്രൊപ്പോസലിന്മേലുള്ള വിശദമായ പരിശോധനയ്ക്കു ശേഷം ഫണ്ടിന്റെ ലഭ്യതകൂടി പരിശോധിച്ച് മാത്രമെ ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

S. Bindu
സെക്ഷൻ ഓഫീസർ